## കേരള സർക്കാർ

<u>സംഗ്രഹം</u>

പെൻഷൻ - എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങികൊണ്ടിരിക്കെ 21.10.2016 ൽ മരണപ്പെട്ട എ. രുഗ്മിണിയുടെ ഭർത്താവ് ശ്രീ. ശങ്കുണ്ണിനായർക്ക് കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ. (സാധാ) നം.4784/2018/ധന. തിരുവനന്തപുരം, തീയതി:05/06/2018

---

പരാമർശം : (1) ഹോമിയോപ്പതി ഡയറക്ടറുടെ 29.08.2017-ലെ 6967/ഇബി3/ 2017/ഡി.എച്ച് നമ്പർ കത്ത്.

(2) 20.01.2016 ലെ സ.ഉ(പി)നം.9/2016/ധന നമ്പർ ഉത്തരവ്.

(3) PPO No.53857513.

### <u>ഉത്തരവ്</u>

ഹോമിയോപ്പതി വകുപ്പിൽ നിന്നും 30.06.2001 ൽ വിരമിച്ച ശ്രീമതി. എ. രുഗ്മിണി എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 21.10.2016 ൽ മരണപ്പെട്ടതിനാൽ പരാമർശം (2) ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച് എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ശങ്കുണ്ണിനായർ പരാമർശം (1) പ്രകാരം ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ മുഖേന ആവശ്യമായ രേഖകൾ സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം (2) ലെ ഉത്തരവിലെ ഖണ്ഡിക 10 ൽ പരാമർശിച്ചിരിക്കുന്ന എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതിനാലും മരണപ്പെട്ട എ.രുഗ്മിണിയുടെ സർവ്വീസ് കാലയളവ് 7 വർഷം ആകയാലും പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ ഭർത്താവ് ശ്രീ. ശങ്കുണ്ണിനായർക്ക് 1,785/- രൂപ 01.11.2016 മുതൽ എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 1785/- രൂപയ്ക്ക് അർഹതപ്പെട്ട ക്ഷാമാശ്വാസത്തിന് ടിയാന് അർഹതയുണ്ടായിരിക്കുന്നതാണ്.

3. പ്രസ്തുത പെൻഷൻ നൽകുന്നതിനു ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-99" കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ്.എസ്.എ)കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ.ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി ട്രഷറി, അടൂർ.
5. ശ്രീ. ശങ്കുണ്ണിനായർ, ആറ്റൂർ വീട്, ശ്രീവിഹാർ, ആർ.വി.പുരം, പി.ഒ.കൗറ്റമുക്ക്, തൃശ്ശൂർ - 680031.
6. ഹോമിയോപ്പതി ഡയറക്ടർ, തിരുവനന്തപുരം.
7. The Nodal Officer,www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (E-605410)

ഉത്തരവിൻ പ്രകാരം

Sreelatha

സെക്ഷൻ ഓഫീസർ